# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ജീവിതത്തിൽ വിജയിക്കാൻ...



ശത്രുവിന്റെ കരങ്ങളിൽനിന്ന് രക്ഷപ്പെട്ട് ഗുഹയിൽ അഭയം തേടിയ രാജാവ് എട്ടുകാലിയിൽ നിന്ന് പ്രചോദനം ഉൾക്കൊൺ◌്, സർവധൈര്യവും സംഭരിച്ച് ശത്രുരാജാവുമായി ഏറ്റുമുട്ടി വിജയം കൈവരിച്ച കഥ എല്ലാവർക്കും അറിവുള്ളതാണല്ലോ. പക്ഷേ ജീവിതവിജയത്തെക്കുറിച്ച്, പ്രതിസന്ധികളിൽ തളരാത്തതിനെക്കുറിച്ച് ഒരുപാട് വായിച്ചിട്ടും എന്തേ ജീവിതയാത്രയിൽ പലരും പരാജയപ്പെടുന്നു?

വർഷങ്ങൾക്കുമുമ്പ് എന്റെ ക്ലാസ്സിൽ പഠിച്ചിരുന്ന ഒരു പെൺകുട്ടി നിസാരമായ ഒരു കാര്യത്തിന് തന്റെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ച സംഭവം ഓർമ്മയിൽ വരുന്നു. വീട്ടിലെ സാഹചര്യങ്ങളും സ്കൂൾ ജീവിതത്തിലെ പ്രയാസങ്ങളും നേരിടാനാകാതെ ഒരു ദിവസം രാവിലെ അവൾ വീട്ടുവിട്ടിറങ്ങി. അന്ന് വൈകുന്നേരം തലശ്ശേരി റെയിൽവേ ട്രാക്കിനടുത്ത് സംശയാസ്പദമായി കണ്ട ഈ പെൺകുട്ടിയെ റെയിൽവേ പോർട്ടർമാർ പിടികൂടുകയും പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു പിന്നീട് രക്ഷിതാക്കൾ വന്ന് കുട്ടിയെ വീട്ടിൽ കൊൺ◌്ുപോയി. ഞങ്ങൾ അധ്യാപകർ വിഷയത്തിൽ ഇടപെട്ടു. മാനസീകമായി തളർന്നകുട്ടിക്ക് മനോധൈര്യം നൽകി പ്രശ്നങ്ങൾ പരിഹരിച്ച് സ്കൂളിൽ കൊൺ◌്ുവരുന്നതിനും എസ്.എസ്.എൽ.സി. വിജയിപ്പിച്ച വിടുന്നതിനും സാധിച്ചു. ഇന്നവൾ നല്ല നിലയിൽ ജീവിക്കുന്നു.

പ്രശ്നസങ്കീർണമായൊരു കാലഘട്ടത്തിലൂടെയാണ് ഇന്ന് നാം കടന്നുപോകുന്നത്. മുന്നോട്ടുനോക്കുമ്പോൾ എല്ലാം പ്രശ്നം, എവിടെയും പ്രശ്നം, അവനവൻ ജീവിക്കുന്ന, ചരിക്കുന്ന പാതയിൽ ഉൺ◌്ാകുന്ന പ്രയാസങ്ങളെയും, പ്രതിസന്ധികളെയും അതോടൊപ്പം നേട്ടങ്ങളെയും കോട്ടങ്ങളെയും സമചിത്തതയോടെ നേരിടാൻ കഴിയുന്നവനാണ് ജീവിതയാത്രയിൽ വിജയം വരിക്കുന്നതക്ക എന്നതിന് എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുൺ◌്.

പ്രസിദ്ധനായ ജർമ്മൻ ഗാനരചയിതാവും ഗായകനുമായ ബിഥോവന്റെ കഥ നമ്മൾ പഠിച്ചിട്ടില്ലേ? സംഗീതത്തെ അതിയായി സ്നേഹിച്ചിരുന്ന ഉപകരണസംഗീതത്തിൽ പ്രത്യേകിച്ച് പിയാനോവിൽ അത്ഭുതം സൃഷ്ടിച്ച അദ്ദേഹത്തിന് മുപ്പത് വയസ്സായതോടെ കേൾവിശക്തി പൂർണ്ണമായി നഷ്ടപ്പെട്ടു. ഒരു സംഗീതപ്രേമിക്ക്, ഗാനരചയിതാവിന് ശ്രവണശേഷി നഷ്ടപ്പെടുക എന്നത് എത്രയോ വേദനാജനകമാണ്. തീർന്നില്ല, കാലം മുന്നോട്ടു നീങ്ങിയപ്പോൾ അദ്ദേഹം പലവിധ രോഗങ്ങൾക്കും അടിമയായിത്തീർന്നു. പ്രകൃതിയെ സ്നേഹിച്ച് ഏകനായ് നടന്ന് പ്രകൃതിയുടെ മനോഹാരിത ആസ്വദിച്ച്

ധാരാളം ഗാനങ്ങൾ രചിച്ച അദ്ദേഹം അതൊന്നു പാടി കേൾക്കാൻ എത്ര ആഗ്രഹിച്ചിട്ടുണ്ടാവും. ഈ ജന്മം അതു സാധ്യമല്ല എന്നു മനസ്സിലാക്കിയ, ജീവിതദുരിതങ്ങളിലേക്ക് നീങ്ങിയ അദ്ദേഹം ജീവിതം അവസാനിപ്പിക്കാൻ തീരുമാനം എടുത്തതായും എന്നാൽ ദൈവം ദാനമായി നൽകിയ ജന്മം തിരികെ എടുക്കുവാൻ ദൈവത്തിനേ അധികാരമുള്ളൂവെന്ന ചിന്ത അദ്ദേഹത്തെ പിന്തിരിപ്പിച്ചതായും ജീവചരിത്രത്തിൽ പറയുന്നു.

നമ്മുടെ ജീവിതത്തെ സ്വർഗ്ഗമാക്കുന്നതും നരകമാക്കുന്നതും നമ്മൾ തന്നെയാണ്. മറ്റാരും അല്ല. മറ്റാർക്കും ആവില്ല. എല്ലാവിധ സുഖസൗകര്യങ്ങളോടും കൂടി രാജ്യം ഭരിച്ചിരുന്ന ഒരു രാജാവിന്റെ കഥ ഇങ്ങനെയാണ്. വിശാലമായ രാജ്യത്തിന്റെ അധിപനായിട്ടും രാജാവിന് ഒരു സുഖവും സമാധാനവുമില്ല. പ്രഗത്ഭരായ ധാരാളം വൈദ്യന്മാർ വന്ന് പരിശോധിച്ചു. അവർക്കാർക്കും രാജാവിന്റെ അസുഖം കണ്ടുപിടിക്കുവാനോ മരുന്ന് നിർദ്ദേശിക്കുവാനോ ആയില്ല. അവസാനം ബുദ്ധിമാനായ ഒരു വൈദ്യൻ നിർദ്ദേശിച്ച മരുന്ന് ഇപ്രകാരമായിരുന്നു: ജീവിതത്തിൽ എല്ലാംകൊണ്ടും സന്തോഷവാനായ ഒരു മനുഷ്യൻ ധരിക്കുന്ന ഷർട്ട് ധരിച്ച് ഒരു ദിവസം ഉറങ്ങിയാൽ രാജാവിന്റെ എല്ലാ അസുഖങ്ങളും മാറും. അങ്ങനെയൊരു മനുഷ്യനെ തേടി രാജഭടന്മാർ നാലുദിക്കിലേക്കും പറന്നു. പക്ഷേ, പൂർണ സന്തോഷവാനായ ഒരുവനെ കണ്ടെത്താൻ ആർക്കും കഴിഞ്ഞില്ല. അവസാനം പൂർണ്ണ സന്തോഷവാനായ ഒരു യാചകനെ കണ്ടുമുട്ടിയപ്പോഴാകട്ടെ അയാൾക്ക് ഷർട്ടുമില്ല. എന്നാൽ സന്തോഷവാനായ മനുഷ്യനെതേടിയുള്ള യാത്രയിൽ തന്റെ രാജ്യത്തിലെ പ്രജകളുടെ യഥാർത്ഥചിത്രം മനസ്സിലാക്കാൻ രാജാവിനായി. അങ്ങനെ അവരുടെ അവസ്ഥയും തന്റെ അവസ്ഥയും തമ്മിൽ താരതമ്യം ചെയ്തപ്പോൾ തികച്ചും മാനസികമായിരുന്ന രാജാവിന്റെ അസുഖം മാറുകയും ചെയ്തു.

സുഖങ്ങൾ അനുഭവിക്കുന്നവരുമായിട്ടല്ലാതെ ദു:ഖങ്ങൾ അനുഭവിക്കുന്നവരുമായി നാം നമ്മെ താരത്മ്യം ചെയ്യുമ്പോൾ നമ്മുടെ എല്ലാ മാനസികപ്രശ്നങ്ങളും തീരും. നേരെ തിരിച്ചായാൽ മാനസിക പ്രശ്നങ്ങൾ ആരംഭിക്കും. സുഖങ്ങളെക്കാൾ എത്രയോ വലുതാണ് മാനസികസുഖം. അതില്ലാതെ വരുമ്പോഴാണ് മനുഷ്യൻ പുകയില, മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളിൽ അഭയം പ്രാപിക്കുന്നത്. എന്നാൽ ഇവ തരുന്നത് താൽക്കാലിക സുഖങ്ങളാണ്. ശാശ്വതമായ മാനസികസുഖം നൽകാൻ ദൈവത്തിന് മാത്രമേ കഴിയൂ എന്ന ഓർമ്മിക്കണം. ഇന്നുകളാണ് നമുക്കുള്ളത്. കൊഴിഞ്ഞുപോയ ഇന്നലെകളെ ഓർത്ത് വിലപിച്ചിട്ട് കാര്യമില്ല. അങ്ങനെ വിലപിക്കാതിരിക്കണമെങ്കിൽ ഇന്നുകൾ നന്നായി പ്രയത്നിച്ചേ പറ്റൂ. എങ്കിൽ നല്ല നാളെകൾ നമുക്കുണ്ടാകും.